പ്രസ്തുത ടെൻഡറിൽ പതിനാറ് കമ്പനികൾ പങ്കെടുത്തു. എച്ച്.കൃ്യു. വാന്സ്, വിപ്രോ കൺസ്യൂമർകെയർ&ലൈറ്റിങ്ങ്, ജെയിൻ ഇൻഡസ്ട്രീയൽ ലൈറ്റിംഗ്, ഓസ്രാം ഇന്ത്യ, എച്ച്.പി.എൽ. സോക്കോമെക്ക്, സ്റ്റാർ ലൈറ്റ് ലൈറ്റിങ്ങ്, ക്രോംപ്ടൺ ഗ്രീവ്സ്, സൂര്യറോഷ്നി, പറാഗോനിക്സ്, ഏഷ്യൻ ഇലക്ട്രോണിക്സ്, ആങ്കർ ഇലക്ട്രിക്കൽ, ഫിലിപ്സ് ഇലക്ട്രോണിക്സ്, ഫിനോലെക്സ്, സെൻസർ എന്നീ 14 കമ്പനികൾ ദർഘാസ് വാങ്ങുകയും സമർപ്പിക്കുകയും ചെയ്തു.

(ബി) ഇലയിൽ ബോർഡ് ഉത്തരവ് നമ്പർ B.O.(FM) No.3088/2009 (TA.36/TCM 35/2009-10) തീയതി 3-12-2009 പ്രകാരം വിപ്രോ, ഓസ്രാം, സൂര്യാറോഷ്നി, പറാഗോനിക്സ്, ഫിലിപ്സ് എന്നീ കമ്പനികളെ പ്രീകാളിഫൈ ചെയ്യുകയും അവരുടെ പ്രൈസ് ബിഡ് തുറക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു. ഈ കമ്പനികൾ ആവശ്യപ്പെട്ട നിരക്കുകൾ പുറമെ ചേർക്കുന്നു :

വിപ്രോ കൺസ്യൂമർ കെയർ & ലൈറ്റിങ്ങ് - Rs. 83

ഓസ്രാം ഇന്ത്യ - Rs. 75.95

സൂര്യറോഷ്നി - Rs. 67.32

പറാഗോനിക്സ് - Rs. 85.32

ഫിലിപ്സ് ഇലക്ട്രോണിക്സ് - Rs. 62.73

കോഴിക്കോട് ജില്ലയിൽ സി.എഫ്.എൽ. വിതരണത്തിനായി ചെലവഴിച്ച തുക

181 (4244) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്ന എത്ര സി.എഫ്.ലാമ്പുകൾ 2010 ജൂൺ 30 വരെ കോഴിക്കോട് ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട് ; സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ സി.എഫ്.എൽ. വിതരണത്തിനായി കെ.എസ്.ഇ.ബി.-ക്കും സംസ്ഥാന സർക്കാരിനും എത്ര രൂപ ചെലവായി ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാണോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ആവിഷ്കരിച്ച ബചത് ലാമ് യോജന പദ്ധതിയുമായി എന്താണ് ബന്ധം ; പ്രസ്തുത സ്ഥാപനം എന്തെങ്കിലും ധനസഹായം ഇതിന് നൽകുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010 ജൂൺ 30 വരെ കോഴിക്കോട് ജില്ലയിൽ 523945 സി.എച്ച്. എണ്ണുകൾ വിതരണം ചെയ്തിട്ടുണ്ട്. സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ ഉള്ള വിതരണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) കോഴിക്കോട് ജില്ലയിൽ 30-6-2010-ലെ കണക്കനുസരിച്ച് സി.എഫ്.എൽ. വിതരണത്തിനായി 523945 സി.എഫ്.എൽ. വാങ്ങുന്നതിനായി 62.73 രൂപ നിരക്കിൽ 3,28,67,069.85 രൂപ ചെലവായി.

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല.

(ഡി) ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഐക്യരാഷ്ട്ര സഭയുടെ യു.എൻ.എൻ.സി.പി.യിൽ നിന്ന് അംഗീകാരം നേടിയ സി.എഫ്.എൽ. വിതരണ പരിപാടിയായ ബചത്ത് ലാമ്പ് യോജന സ്കീം മുഖാന്തിരം സംസ്ഥാനം നടപ്പാക്കിവരുന്ന ഒന്നരക്കോടി സി.എഫ്.എൽ. വിതരണത്തിന് കാർബൺ ക്രെഡിറ്റ് നേടിയെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആയതിനാൽ ബചത്ത് ലാമ്പ് യോജനയുടെ നടപടിക്രമങ്ങൾ പ്രകാരമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിന് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഒരു ധനസഹായവും നൽകുന്നില്ല.

സി.എഫ്.എൽ. വിതരണ പദ്ധതി

182 (4245) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന സി.എഫ്.എൽ. വിതരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുമോ ;

(ബി) ലഭിക്കുന്നെങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി മോണിറ്ററിംഗ് നടത്തുന്ന കേന്ദ്ര ഏജൻസി ഏതാണ് ?

ഉത്തരം

(എ&ബി) സി.എഫ്.എൽ. വിതരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികളിൽ നിന്നും സാമ്പത്തികസഹായം ഒന്നും ലഭിക്കുന്നില്ല.

(സി) പ്രസ്തുത പദ്ധതിയുടെ മോണിറ്ററിങ്ങ് നടത്തുന്ന കേന്ദ്ര ഏജൻസി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ആണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly